# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4760** **14 .11.2019 ൽ മറുപടിക്ക്**

**കരുനാഗപ്പള്ളിയിലെ പാലങ്ങളുടെ ബലക്ഷയ പരിശോധന**

| **ചോദ്യം**<br>**ശ്രീ.ആർ. രാമചന്ദ്രൻ** | | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ കാട്ടൂർകടവ് പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച പരിശോധനകൾ പൂർത്തികരിച്ചിട്ടുണ്ടോ ആയത് പരിഹരിക്കുന്നതിനാവശ്യമായ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;<br>(ബി) പ്രസ്തുത എസ്റ്റിമേറ്റിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും ഭരണാനുമതി വൈകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണെന്നും വിശദമാക്കുമോ ; | (എ)<br>&<br>(ബി) | പരിശോധനകൾ നടത്തിവരുന്നു. പരിശോധനകൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. |
| (സി) അപകടകരമായ നിലയിൽ ബലക്ഷയം സംഭവിച്ച കാട്ടൂർകടവ് പാലത്തിന്റെ അറ്റകുറ്റപണികൾക്ക് ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ബലക്ഷയം സംബന്ധിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയില്ലായെങ്കിലും പാലത്തിന്റെ തകർച്ചയിലായ ഹാന്റ് റെയിൽ, വെയറിംഗ് കോട്ട് എന്നിവ നിർമ്മിക്കുന്നതിലേയ്ക്കായി മെയിന്റനൻസിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുമുണ്ട്. |
| (ഡി) പണിക്കർ കടവ് പാലത്തിന്റെ സ്ട്രെംഗ്ത് & സ്റ്റെബിലിറ്റി സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;<br>(ഇ) ഇത് പരിഹരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി)<br>&<br>(ഇ) | പാലങ്ങളുടെ കാലാകാലങ്ങളിലുള്ള പരിശോധനയോടനുബന്ധിച്ച് പണിക്കർകടവ് പാലത്തിലും പരിശോധനകൾ നടത്തുകയും പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നു. പ്രവൃത്തിയുടെ ടെണ്ടർ വിളിക്കുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ഉടൻ തന്നെ ആരംഭിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**